# ഷോപ്പ്/ഓഫീസ് തുടങ്ങിയ വാണിജ്യാവശ്യത്തിനായ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിലെ ജി.എസ്.ടി.

| വാടകക്ക് നൽകുന്ന സപ്ലയറുടെ സ്റ്റാറ്റസ് | സ്വീകർത്താവിൻ്റെ സ്റ്റാറ്റസ് | ജി.എസ്.ടി. ബാധകമാണോ? ആണെങ്കിൽ എങ്ങനെ, ആര് അടക്കണം ? |
|---|---|---|
| ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി/സ്ഥാപനം (Unregistered Person) | ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി/സ്ഥാപനം (Unregistered Person) | ജി.എസ്.ടി. ബാധകമല്ല. |
| ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി/സ്ഥാപനം (Unregistered Person) | ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വ്യക്തി/സ്ഥാപനം (Registered Person) | ജി.എസ്.ടി. ബാധകമാണ്. റിവേഴ്സ് ചാർജായി സ്വീകർത്താവ് ജി.എസ്.ടി. അടക്കണം. |
| ജി.എസ്.ടി. രജിസ്ട്രേഷനുള്ള മറ്റ് വ്യക്തികൾ / സ്ഥാപനങ്ങൾ (ലോക്കൽ അതോറിറ്റി, കേന്ദ്ര, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ*, ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 12AA പ്രകാരം രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ അല്ലെങ്കിൽ റിലീജിയസ് സ്ഥാപനങ്ങൾ, ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 10 ഖണ്ഡം (23C) ഉപ ഖണ്ഡം (V) പ്രകാരം രജിസ്റ്റർ ചെയ്ത ട്രസ്റ്റ് അല്ലെങ്കിൽ ഇൻസ്റ്റിട്യൂഷൻ, ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 10 ഖണ്ഡം (23BBA) പ്രകാരം രജിസ്റ്റർ ചെയ്ത ബോഡി അല്ലെങ്കിൽ അതോറിറ്റി എന്നിവർ ഒഴികെ)<br><br>(Registered Person) | ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി/സ്ഥാപനം (Unregistered Person)<br><br>**അല്ലെങ്കിൽ**<br><br>ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വ്യക്തി/സ്ഥാപനം (Registered Person) | ജി.എസ്.ടി. ബാധകമാണ്. ഫോർവേഡ് ചാർജായി സപ്ലയർ ജി.എസ്.ടി. അടക്കണം. |
| ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ളതോ, ഇല്ലാത്തതോ ആയ ലോക്കൽ അതോറിറ്റി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ*, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ* എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ **(റെയിൽവേ മന്ത്രാലയത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഒഴികെ)** | ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി/സ്ഥാപനം (Unregistered Person)<br><br>**അല്ലെങ്കിൽ**<br><br>ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വ്യക്തി/സ്ഥാപനം (Registered Person) | ഒരു വർഷത്തെ ആകെ വാടക 5000 രൂപയിൽ കൂടുന്നില്ല എങ്കിൽ ജി.എസ്.ടി. ബാധകമല്ല. |

## ഷോപ്പ്/ഓഫീസ് തുടങ്ങിയ വാണിജ്യാവശ്യത്തിനായ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിലെ ജി.എസ്.ടി.

| വാടകക്ക് നൽകുന്ന സപ്ലയറുടെ സ്റ്റാറ്റസ് | സ്വീകർത്താവിൻ്റെ സ്റ്റാറ്റസ് | ജി.എസ്.ടി. ബാധകമാണോ? ആണെങ്കിൽ എങ്ങനെ, ആര് അടക്കണം ? |
|---|---|---|
| ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ളതോ, രജിസ്ട്രേഷൻ ബാധ്യത ഉള്ളതോ ആയ ലോക്കൽ അതോറിറ്റി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ*, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ* എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ (റെയിൽവേ മന്ത്രാലയത്തിൻ്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഒഴികെ) | ഒരു വർഷത്തെ ആകെ വാടക 5000 രൂപയിൽ കൂടുതൽ നൽകുന്ന ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി/സ്ഥാപനം (Unregistered Person) | ജി.എസ്.ടി. ബാധകമാണ്. ഫോർവേഡ് ചാർജായി സപ്ലയർ ജി.എസ്.ടി. അടക്കണം. |
| ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ളതോ, ഇല്ലാത്തതോ ആയ ലോക്കൽ അതോറിറ്റി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ*, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ* എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ (റെയിൽവേ മന്ത്രാലയത്തിൻ്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഒഴികെ) | ഒരു വർഷത്തെ ആകെ വാടക 5000 രൂപയിൽ കൂടുതൽ നൽകുന്ന ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വ്യക്തി/സ്ഥാപനം (Registered Person) | ജി.എസ്.ടി. ബാധകമാണ്. റിവേഴ്സ് ചാർജായി സ്വീകർത്താവ് ജി.എസ്.ടി. അടക്കണം. |
| ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ളതോ, ഇല്ലാത്തതോ ആയ ലോക്കൽ അതോറിറ്റി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ*, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ* എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ (റെയിൽവേ മന്ത്രാലയത്തിൻ്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഒഴികെ) | ലോക്കൽ അതോറിറ്റി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ*, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ* | ജി.എസ്.ടി. ബാധകമല്ല. |
| റെയിൽവേ മന്ത്രാലയത്തിൻ്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ. | ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി/സ്ഥാപനം (Unregistered Person) അല്ലെങ്കിൽ ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വ്യക്തി/സ്ഥാപനം (Registered Person) | ജി.എസ്.ടി. ബാധകമാണ്. ഫോർവേഡ് ചാർജായി സപ്ലയർ ജി.എസ്.ടി. അടക്കണം. |
| ജി.എസ്.ടി. രജിസ്ട്രേഷനുള്ള ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 12AA പ്രകാരം രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ അല്ലെങ്കിൽ റിലീജിയസ് സ്ഥാപനങ്ങൾ, ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 10 ഖണ്ഡം (23C) ഉപ ഖണ്ഡം (V) പ്രകാരം രജിസ്റ്റർ ചെയ്ത ട്രസ്റ്റ് അല്ലെങ്കിൽ ഇൻസ്റ്റിട്യൂഷൻ, ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 10 ഖണ്ഡം (23BBA) പ്രകാരം രജിസ്റ്റർ ചെയ്ത ബോഡി അല്ലെങ്കിൽ അതോറിറ്റി. | ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി/സ്ഥാപനം (Unregistered Person) അല്ലെങ്കിൽ ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വ്യക്തി/സ്ഥാപനം (Registered Person) | ഷോപ്പിൻ്റെ മാസവാടക 10,000 രൂപയിൽ കുറവാണെങ്കിൽ ജി.എസ്.ടി. ബാധകമല്ല.<br><br>ഷോപ്പിൻ്റെ മാസവാടക 10,000 രൂപയിൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. ബാധകമാണ്. ഫോർവേഡ് ചാർജായി സപ്ലയർ ജി.എസ്.ടി. അടക്കണം. |

## വീട്ട് വാടകയിന്മേലുള്ള ജി.എസ്.ടി.

| വാടകക്ക് നൽകുന്ന സപ്ലയറുടെ സ്റ്റാറ്റസ് | സ്വീകർത്താവിൻ്റെ സ്റ്റാറ്റസ് | ജി.എസ്.ടി. ബാധകമാണോ? ആണെങ്കിൽ എങ്ങനെ, ആര് അടക്കണം ? |
|---|---|---|
| ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി (Unregistered Person)<br>അല്ലെങ്കിൽ<br>ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വ്യക്തി (Registered Person) | ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി (Unregistered Person)<br>അല്ലെങ്കിൽ<br>ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വ്യക്തി (Registered Person) | അവരുടെ സ്വന്തം താമസത്തിനായി ഉപയോഗിക്കുവാനാണെങ്കിൽ ജി.എസ്.ടി. ബാധകമല്ല. |
| ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി (Unregistered Person) | ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി (Unregistered Person) | വാണിജ്യ ആവശ്യത്തിന് ഉപയോഗിച്ചാലും ജി.എസ്.ടി. ബാധകമല്ല. |
| ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വ്യക്തി (Registered Person) | ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി (Unregistered Person) | വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുകയാണെങ്കിൽ ജി.എസ്.ടി. ബാധകമാണ്. ഫോർവേഡ് ചാർജായി സപ്ലയർ ജി.എസ്.ടി. അടക്കണം. |
| ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തി (Unregistered Person)<br>അല്ലെങ്കിൽ<br>ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വ്യക്തി (Registered Person) | ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വ്യക്തി (Registered Person) | വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുകയാണെങ്കിൽ ജി.എസ്.ടി. ബാധകമാണ്. റിവേഴ്സ് ചാർജായി സ്വീകർത്താവ് ജി.എസ്.ടി. അടക്കണം. |

*കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ എന്ന വിഭാഗത്തിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള അതോറിറ്റികൾ, ബോർഡുകൾ, എന്റിറ്റികൾ, ഏജൻസികൾ എന്നിവ ഉൾപ്പെടുന്നതല്ല.

**റിവേഴ്സ് ചാർജായി ജി.എസ്.ടി.അടക്കുന്ന എല്ലാ സന്ദർഭങ്ങളിലും, ഫോർവേഡ് ചാർജായി അടക്കുന്ന സന്ദർഭങ്ങളിൽ സപ്ലയർ റഗുലർ രജിസ്ട്രേഷൻ ഉള്ള വ്യക്തി/സ്ഥാപനമാകുന്ന സന്ദർഭങ്ങളിലും 18% നിരക്കിലാണ് വാടക തുകയിന്മേൽ ജി.എസ്.ടി. അടക്കേണ്ടത്.

***ഫോർവേഡ് ചാർജായി അടക്കുന്ന സന്ദർഭങ്ങളിൽ സപ്ലയർ കോമ്പോസിഷൻ രജിസ്ട്രേഷൻ ഉള്ള വ്യക്തി/സ്ഥാപനമാണെങ്കിൽ തങ്ങൾക്ക് ബാധകമായ കോമ്പോസിഷൻ നിരക്കിലാണ് വാടക തുകയിന്മേൽ ജി.എസ്.ടി. അടക്കേണ്ടത്.